**രജിസ്ട്രേഷൻ വകുപ്പ്**
**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**
**(ഹാജർ; ശ്രീ എ അലക്സാണ്ടർ, ഐ.എ.എസ്)**

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - റിവ്യൂ ആന്റ് റിഫോംസ്- ഓഡിറ്റ് റിമാർക്കിന്മേൽ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ- ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന:- 1)പാലക്കാട് ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ന്റെ 14/09 നമ്പർ ഓഡിറ്റ് റിപ്പോർട്ട്
2)രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ( ഉത്തര മദ്ധ്യ മേഖല) തൃശ്ശൂരിന്റെ 23.03.2016 ലെ C. 140/09 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ RR(2)7487/17 തിരുവനന്തപുരം തീയതി:23/10/2019</u>**

പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം സബ് രജിസ്ട്രാർ ഓഫീസിലെ 14/2009 നമ്പർ ആഡിറ്റ് റിപ്പോർട്ടിലെ പാർട്ട് എ ഇനം (1) ന് ബന്ധപ്പെട്ട റിട്ടയേഡ് സബ് രജിസ്ട്രാർ ശ്രീമതി ഉഷാകുമാരി അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. കാലതാമസം മാപ്പാക്കി അപ്പീൽ അപേക്ഷ സ്വീകരിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും അപേക്ഷകയെ അറിയിച്ചതിനെ തുടർന്നാണ് സൂചന അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

റിമാർക്കിനാസ്പദമായ ഒന്നാം പുസ്തകം 4372/08 നമ്പർ ആധാരം ഒരു പിഴതിരുത്താധാരമാണ്. ടി ആഫീസു വക 3722/08 നമ്പർ ആധാരത്തിലെ വസ്തുവിവരണത്തിൽ 13.02 സെന്റിന് 4.86 ആർ എന്ന് തെറ്റായി എഴിതിയിരുന്നതിനെ 13.02 സെന്റിന് 5.27 ആർ എന്ന് തിരുത്തുന്നതാണ് പ്രസ്തുത പിഴതിരുത്താധാരം. ഔദ്യോഗിക അളവിൽ മാറ്റം വന്നതിനാൽ റവന്യൂ ബോർഡിന്റെ 17.10.97 ലെ DDis 25427/95/LRA(3) നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ ആധാരമായി കണക്കാക്കി ആർട്ടിക്കിൾ 21 പ്രകാരം മുദ്രവിലയും ഫീസും ഈടാക്കണമെന്നായിരുന്നു റിമാർക്ക്. ജില്ലാ രജിസ്ട്രാറുടെ റിമാർക്ക് നിലനിൽക്കുന്നതാണ് എന്ന അഭിപ്രായത്തിൽ കുറവ് തുക കൈയ്യാൽ മുതൽവയ്ക്കുവാൻ രജിസ്ട്രേഷൻ ഡി ഐ ജി (ഉത്തര മദ്ധ്യ മേഖല) തൃശ്ശൂർ ഉത്തരവായതിനെതിരെയാണ് അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

മുന്നാധാരമായ 3722/08 ൽ അക്കത്തിലും അക്ഷരത്തിലും എഴിതിയിട്ടുള്ള ബാദ്ധ്യതാ വിസ്തീർണ്ണമായ 13.02 സെന്റിന്റെ മെട്രിക് അളവ് എഴുതിയതിൽ മാത്രം വന്ന പിശക് തിരുത്തുന്നതിനാൽ ഭൗതിക മാറ്റം വരുന്നില്ല എന്ന് ബോദ്ധ്യപ്പെട്ട് ബാദ്ധ്യതയിൽ ഉൾപ്പെടുത്തിയ മുദ്രവിലയും ഫീസും ഒഴിവാക്കണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

ഫെയർ വാല്യു നിലവിൽ വരുന്നതിന് മുമ്പുള്ള കാലങ്ങളിൽ ആധാരങ്ങളിൽ അധികവും സെന്റ് അളവാണ് ഉപയോഗിച്ചു വന്നിരുന്നത് എന്നും അതുകൊണ്ടുതന്നെ 13 സെന്റ് എന്നത് 5.27 ആർ അണെന്നതിൽ തർക്കമില്ലാത്തതിനാൽ 4.86 ആർ എന്ന് എഴുതിയത് കൈപ്പിശക് കാരണം വന്നതാണ് എന്ന് അനുമാനിക്കാവുന്നതാണ് എന്നും മെട്രിക് അളവിലുള്ള വ്യത്യാസമല്ലാതെ വസ്തുവിന്റെ വിസ്തീർണത്തിൽ മാറ്റം വന്നിട്ടില്ല എന്നും കൂടാതെ രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് 250 പ്രകാരമുള്ള യാതൊരു മാറ്റവും ഇല്ലെന്ന് മനസിലാക്കാവുന്നതാണ് എന്നും ആയതിനാൽ അപ്പീൽ അനുവദിക്കാവുന്നതാണ് എന്നും ജില്ലാ രജിസ്ട്രാറും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലും പുനരഭിപ്രായപ്പെട്ടിരിക്കുന്നു.

മേൽപ്രകാരമുള്ള ജില്ലാ രജിസ്ട്രാറുടെ റിമാർക്ക്, പുനരഭിപ്രായം ഡി ഐ ജിയുടെ ഉത്തരവ്, പുനരഭിപ്രായം സബ് രജിസ്ട്രാറുടെ വിശദീകരണം മുതലായവ വിശദമായി പരിശോധിച്ചതിൽ കടമ്പഴിപ്പുറം സബ് രജിസ്ട്രാർ ഓഫീസു വക 3722/08 നമ്പർ ആധാരത്തിലെ വസ്തുവിവരണത്തിൽ 13.02 സെന്റിന് 4.86 ആർ എന്ന് തെറ്റായി എഴുതിയിരുന്നതിനെ 13.02 സെന്റിന് 5.27 ആർ എന്ന് തിരുത്തുന്നതാണ് പ്രസ്തുത 4372/08 നമ്പർ പിഴതിരുത്താധാരം എന്ന് കാണുന്നതിനാലും ഭൗതിക മാറ്റം സംഭവിക്കത്തക്ക വിധത്തിലുള്ള തിരുത്തലുകൾ ഒന്നും തന്നെ വരുത്തുന്നതായി കാണുന്നില്ലാത്തതിനാലും ജില്ലാ രജിസ്ട്രാറുടേയും ഡി ഐ ജിയുടേയും പുരഭിപ്രായത്തോട് യോജിച്ചുകൊണ്ട് അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signature Not Verified
Digitally signed by A ALEXANDER
Date: 2019.10.23 16:05:25 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്

1) ശ്രീമതി ജി. ഉഷാകുമാരി (റിട്ടയേഡ് സബ് രജിസ്ട്രാർ)
   (ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) പാലക്കാട് മുഖാന്തിരം)
2) ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) പാലക്കാട്
3) രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഉത്തരമദ്ധ്യ മേഖല) തൃശ്ശൂർ
4) സബ് രജിസ്ട്രാർ, കടമ്പഴിപ്പുറം, പാലക്കാട് ജില്ല
5) ഫയൽ / സ്റ്റോക്ക് ഫയൽ